Paper Code No. 02

Set 1

# ഹയർ സെക്കന്ററി അർധവാർഷിക പരീക്ഷ 2017-18
## പേപ്പർ രണ്ട്
## മലയാളം

**HSE (I)**

സമയം : 2½ മണിക്കൂർ

ആകെ സ്കോർ : 80

**പൊതുനിർദ്ദേശങ്ങൾ**

- ഉത്തരമെഴുതുന്നതിനുമുമ്പായി ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കേണ്ടതാണ്.
- അതിനായി നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനുട്ട് അധികസമയം ഉണ്ടായിരിക്കും.
- എല്ലാ വിഭാഗത്തിലും നിർദ്ദേശിച്ചുള്ള എണ്ണം ചോദ്യങ്ങൾക്കു മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

**1 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക.**
**(2 സ്കോർ വീതം)** (2 x 10 = 20)

1. 'പൊൻചെമ്പകം പൂത്ത കരൾ' എന്ന പ്രയോഗത്തോട് ഏറ്റവും അടുത്തു നിൽക്കുന്ന വ്യാഖ്യാനം താഴെ നൽകിയതിൽ ഏതാണ്?
   - സമ്പത്തിന്റെ മടിത്തട്ടിലായിരുന്നു അവരുടെ പ്രണയം
   - പൂക്കളോട് അത്രമാത്രം ഇഷ്ടമുള്ളവരായിരുന്നു അവർ
   - അവരുടെ പ്രണയം അത്രമേൽ മനോഹരമായിരുന്നു
   - കടുത്ത ദാരിദ്ര്യത്തിലും അവർ സമ്പന്നതയെ സ്വപ്നം കണ്ടിരുന്നു

2. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന പാഠഭാഗത്തിന് ഇണങ്ങുന്ന രണ്ട് വിശേഷണങ്ങൾ കണ്ടെത്തുക.
   - ജീവചരിത്രലേഖനം
   - പരിസ്ഥിതിലേഖനം
   - യാത്രാനുഭവങ്ങളുടെ ആഖ്യാനം
   - തൂലികാചിത്രം

3. 'കായലരികത്ത്' എന്ന ഗാനത്തെ ജനപ്രിയമാക്കുന്നതിന് സഹായകമായ ഘടകങ്ങൾ എന്താവാം? രണ്ട് സൂചനകൾ എഴുതുക.
   -
   -

4. ജീവിതത്തോട് പ്രകടമായ തരത്തിൽ സത്യസന്ധത പുലർത്തിയ ചലച്ചിത്രമാണ് സൈക്കിൾ മോഷ്ടാക്കൾ. ഇതിനു തെളിവായി ചൂണ്ടിക്കാട്ടാവുന്ന ഒരു ദൃശ്യസൂചന താഴെ കൊടുക്കുന്നു. മറ്റൊന്ന് കണ്ടെത്തി എഴുതുക.
   - പണം കണ്ടെത്താൻ വേണ്ടി റിച്ചിയുടെ ഭാര്യ തുണികൾ പണയം വയ്ക്കുന്നു.

5. 'മണൽത്തരിയോളം പോന്നൊരു മത്സ്യം
   കടൽത്തിരയോട് ഒറ്റയ്ക്കു പൊരുതി നിന്നു'

   ഈ വരികളിൽ വ്യക്തമാകുന്ന സൂചന താഴെ പറയുന്നവയിൽ ഏതാണ്?
   - മത്സ്യത്തിന്റെ പോരാട്ടം അഹങ്കാരം നിറഞ്ഞതാണ്.
   - മത്സ്യത്തെ അവഗണിക്കാവുന്നതേയുള്ളൂ
   - നിസ്സാരമായവയുടെ ചെറുത്തുനിൽക്കാനുള്ള ശേഷി
   - മത്സ്യം സുഗമമായ പാതകളിലൂടെയാണ് സഞ്ചരിക്കുന്നത്

6. താഴെ കൊടുത്തിരിക്കുന്ന കാവ്യഭാഗങ്ങളിൽ ശബ്ദത്തിന്റെ നൃത്തത്തിന് കൂടുതൽ പ്രാധാന്യമുള്ളത് ഏത്?
   - കുറേനോളായുള്ളി
     ലൊരുത്തിതൻ ജഡമളിഞ്ഞു നാറുന്നു
   - ഒരു കഥയിലും പിടി കൊടുത്തില്ല
     ഒരു കണ്ണാടിയിലും കാഴ്ചയായില്ല
   - ഇതുപോലൊരു രാവിൽത്തൂമഞ്ഞും വെളിച്ചവും
     മധുവുമിറ്റിറ്റുമീമുറ്റത്തെ മാവിൻചോട്ടിൽ
   - പഴുത്ത ഇരുമ്പിൽ കൂടം തട്ടി പകൽ പകലാവുന്നു
     ആദ്യമാരും ശ്രദ്ധിച്ചില്ല

7. 'നൂറു വെറ്റില തിന്ന പുലരി വരുവോളം' ഈ പ്രയോഗത്തിന്റെ ഭംഗി വ്യക്തമാകുന്ന സൂചന തിരഞ്ഞെടുക്കുക.
   - വെറ്റിലമുറുക്ക് എന്ന ശീലത്തോടുള്ള ആകർഷണം.
   - തുടുതുടുത്ത് ഉദിച്ചുവരുന്ന പുലരിയുടെ മനോഹാരിത
   - പുലരി വന്നെത്തുന്നതിലുള്ള കാത്തിരിപ്പിലെ അക്ഷമ
   - പുലരി വന്നെത്തുന്നതിലുള്ള വേദന
8. കൈപ്പാട് എന്ന സിനിമയെ പരിചയപ്പെടുത്തുന്ന ഒരു പോസ്റ്ററിൽ ചേർക്കാൻ രണ്ട് പരസ്യ വാക്യങ്ങൾ എഴുതുക.
9. 'കേൾക്കുന്നുണ്ടോ?' എന്ന ഹ്രസ്വസിനിമ പങ്കുവയ്ക്കുന്ന ഉത്കണ്ഠകളിൽ ഉൾപ്പെടാത്തത് ഏതെല്ലാമാണ്?
   - കുടിയൊഴിപ്പിക്കുന്നതിന്റെ പ്രശ്നം
   - കൃഷി കൈയേറുന്നതിന്റെ പ്രശ്നം
   - നഗരവത്കരണത്തിന്റെ പ്രശ്നം
   - ബാലവേല എന്ന സാമൂഹിക പ്രശ്നം

10. മറ്റു കടൽക്കാക്കകളെപ്പോലെ താണു പറന്ന്, ഇരതേടിപ്പിടിച്ച് ഒതുങ്ങിക്കഴിഞ്ഞുകൂടാൻ ആകമായിരുന്നില്ല ജോനാഥന്. ജോനാഥന്റെ ഈ മനോഭാവത്തിൽനിന്ന് നിങ്ങൾക്ക് ലഭിക്കുന്ന ജീവിതപാഠം എന്ത്? സൂചനയായി എഴുതുക.

11. 'അഥവാ ശത്രു നേരിട്ടാൽ
നമുക്കായ് അടരാടീടും
വെള്ളിത്തിരയിൽ നായകൻ
നമുക്കു പകരംനിന്ന്
പ്രേമിക്കും മതിയാവോളം (പി പി രാമചന്ദ്രൻ)

ഈ വരികളിൽ നിന്ന് വ്യക്തമാവുന്ന ജനപ്രിയ സിനിമയുടെ രണ്ട് സ്വഭാവങ്ങൾ ഏതൊക്കെ യാണ്?
   - പ്രേക്ഷകരുടെ ആഗ്രഹങ്ങളെ സഫലീകരിക്കുന്നു
   - പൊതുബോധത്തെ പുനരുത്പാദിപ്പിക്കുന്നു
   - പ്രേക്ഷകർ നായകനുമായി താദാത്മ്യം പ്രാപിക്കുന്നു
   - കുടുംബത്തെ മഹത്വവത്കരിക്കുന്നു

**12 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തര മെഴുതുക. (4 സ്കോർ വീതം)** (4 x 4 = 16)

12. "രാമൻകുട്ടിക്കു പേരിട്ടത് ഇവിടത്തെയാളാ.. അവൻ രാമനെപ്പോലെ വളരട്ടെന്ന് പറഞ്ഞു. അന്ന് രവീന്ദ്രനാഥ് എന്ന പേരായിരുന്നു എനിക്കിഷ്ടം. പിന്നെ ഞാനോർത്തു, ഇവിടുത്തെയാളുടെ ഇഷ്ടംപോലാവട്ടെ." - സ്ത്രീയവസ്ഥയെക്കുറിച്ചുള്ള എന്ത് നിരീക്ഷണമാണ് ഈ സന്ദർഭം ഉൾക്കൊള്ളുന്നത്?

13. 'കാടിനെക്കുറിച്ചും വന്യജീവികളെക്കുറിച്ചും നാം ആകുലപ്പെടാറുണ്ട്, നമ്മുടെ ചുറ്റുവട്ടത്തെ പാരിസ്ഥിതികപ്രശ്നങ്ങളെക്കുറിച്ച് പക്ഷേ നാം ഒട്ടും വേവലാതിപ്പെടാറില്ല.' കൈപ്പാട് എന്ന സിനിമയുടെ അവസാനം എഴുതിക്കാണിക്കുന്ന ഈ സന്ദേശം എത്രമാത്രം പ്രസക്തമാണ്? പ്രതികരണക്കുറിപ്പ് തയാറാക്കുക.

14. 'ഞാനും നീയും എന്ന യാഥാർത്ഥ്യത്തിൽനിന്ന് അവസാനം നീ മാത്രമായി അവശേഷിക്കാൻ പോവുകയാണ്. (അനർഘനിമിഷം)
ഈ വാക്യത്തിലൂടെ ആഖ്യാതാവ് വ്യക്തമാക്കാൻ ശ്രമിക്കുന്നതെന്താവാം? നിങ്ങളുടെ നിഗമനം എഴുതുക.

15. തന്നിരിക്കുന്ന സവിശേഷതകൾ ചുവടെ കൊടുത്തിട്ടുള്ള പട്ടികയിൽ ക്രമീകരിക്കുക
    - യഥാർത്ഥസംഭവങ്ങൾക്ക് ഊന്നൽ
    - കല്പിതാംശങ്ങൾക്ക് പ്രാധാന്യം
    - അഭിനേതാക്കൾ, കഥാപാത്രങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം
    - അഭിമുഖങ്ങൾ, സംഭാഷണങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നു

| ഡോക്യുമെന്ററി സിനിമകൾ | ഫീച്ചർ സിനിമകൾ |
|---|---|
| •<br>• | •<br>• |

16. സ്മരണതൻ ദൂരസാഗരം തേടിയെൻ
ഹൃദയരേഖകൾ നീളുന്നു പിന്നെയും
സ്മരണകളെ സാഗരത്തോട് ചേർത്തു പറഞ്ഞതിന്റെ ഔചിത്യം എന്താവാം? നിഗമനങ്ങൾ അവതരിപ്പിക്കുക.

**17 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)** (6 x 5 = 30)

17. 'കനകമൈലാഞ്ചി നീരിൽത്തുടുത്ത നിൻ
വിരൽ തൊടുമ്പോൾക്കിനാവു ചുരന്നതും
നെടിയ കണ്ണിലെ കൃഷ്ണകാന്തങ്ങൾ തൻ
കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും

ആദർശാത്മകമായ ഒരു പ്രണയകാലത്തിന്റെ ചിത്രം 'സന്ദർശന'ത്തിൽ തെളിയുന്നു. സാങ്കേതികവിദ്യയും സാമൂഹികമാധ്യമങ്ങളും വ്യാപകമായ ഇക്കാലത്ത് ഈ പ്രണയസങ്കല്പത്തിന് മാറ്റമുണ്ടായിട്ടുണ്ടോ? വിശകലനം ചെയ്ത് നിഗമനങ്ങൾ എഴുതുക.

18. പുഴ അയാളെ വശീകരിച്ചു.അതിനോടയാൾക്ക് അത്യധികമായ കൃതജ്ഞത തോന്നി. "ഈ നദിയെ സ്നേഹിക്കൂ. അതിന് സമീപം വസിക്കൂ. അതിൽ നിന്ന് പഠിക്കൂ"

സിദ്ധാർത്ഥ (നോവൽ) ഹെർമൻ ഹെസ്സെ

'ചിലപ്പോൾ കാട് ചുറ്റിവരുന്ന പുഴയുടെ കഥകൾ വേരുകൾ വഴി വൃക്ഷങ്ങൾ കേൾക്കുന്നുണ്ടാകാം. അതോ വൃക്ഷങ്ങളുടെ കഥകൾ പുഴയ്ക്കു കേൾക്കുവാനോ? ജലാശയങ്ങളും വേരുകളും തമ്മിൽ എന്തൊക്കെ സന്ദേശങ്ങൾ കൈമാറുന്നുണ്ടാകാം?'

വേരുകൾ നഷ്ടപ്പെടുത്തുന്നവർ (ലേഖനം) എൻ. എ. നസീർ.

പ്രകൃതിയിലെ പരസ്പരമൈത്രിയെ ഇരു രചനകളിലും ആവിഷ്കരിച്ചതിൽ സമാനതകളുണ്ടോ? താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

19. ജോനാഥനും മത്സ്യവും ചില കാര്യങ്ങളിൽ സാദൃശ്യം പുലർത്തുന്നവരാണ്. ഈ നിരീക്ഷണത്തെ സംബന്ധിക്കുന്ന നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

20. എരിയും വെയിലത്ത് കയിലും കുത്തി നടക്കുക, കമ്പൊടിഞ്ഞൊരു ശീലക്കുടയുടെ കമ്പിപോലെ വലിയുക, കണ്ണിനാൽ കരളിനുരുളിയിൽ എണ്ണ കാച്ചുക - ഈ പ്രയോഗങ്ങളിൽ ഒരു കാലത്തെ കേരളീയ സാമൂഹികജീവിതം എങ്ങിനെയെല്ലാം പ്രതിഫലിക്കുന്നു? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

21. 'പുഴയിൽ വീണൊഴുകുന്ന മഴ
മാന്തോപ്പിലോടിക്കളിക്കുന്ന എന്റെ കൊച്ചുമകളാണ്
പളുങ്കുകാലുകളുമായി അവൾ തുള്ളിച്ചാടുന്നു (മഴയുടെ നാനാർത്ഥങ്ങൾ - സച്ചിദാനന്ദൻ)

രാത്രിമഴ
ചുമ്മാതെ കേണും ചിരിച്ചും
വിതുമ്പിയും നിർത്താതെ

പിറുപിറുത്തും നീണ്ട
മുടിയിട്ടുലച്ചും കുനിഞ്ഞിരിക്കുന്നോരു
യുവതിയാം ഭ്രാന്തിയെപോലെ
(രാത്രിമഴ - സുഗതകുമാരി)

ഈ കാവ്യഭാഗങ്ങളിൽ മഴയെ അവതരിപ്പിച്ചിരിക്കുന്നത് ഒരു പോലെയാണോ? 'എല്ലാവരും ഒരു പോലെ കാണാത്തതാണ് കലാകാരൻ തിരഞ്ഞെടുക്കുന്ന സിംബലുകൾ' എന്ന എം എൻ വിജയന്റെ നിരീക്ഷണം ഇവിടെ പ്രസക്തമാണോ? വിശകലനം ചെയ്യുക.

22. കാഴ്ചശക്തി തീരെയില്ലാത്ത ഹസ്നയെന്ന കുട്ടിയുടെ ഉൾക്കണ്ണിലൂടെ കടന്നുപോവുകയാണ് 'കേൾക്കുന്നുണ്ടോ?' എന്ന ഹ്രസ്വചിത്രം. ഈ വിലയിരുത്തൽ ശരിയാണോ? എന്തുകൊണ്ട്? നിങ്ങളുടെ കണ്ടെത്തലുകൾ യുക്തിപൂർവം അവതരിപ്പിക്കുക.

**കവിത വായിച്ച് താഴെ നൽകിയ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2 സ്കോർ വീതം)** (2 x 3 = 6)

തോടുടഞ്ഞിരു നീലച്ചിറകു വിരിഞ്ഞൊന്നു
പാടുവാനാരംഭിക്കെ, പൂങ്കുയിൽക്കുഞ്ഞേ, നിന്നെ
കൊത്തിയാട്ടിയോ കാക്കത്തള്ള,യാനോവുംപേറി
നഷ്ടനീഡനായെങ്ങു പറന്നുപോകുന്നൂ നീ?
ആദ്യത്തെ ഗാനം തന്നെ,യാദ്യ ദുഃഖമാ,യിനി
യാദുഃഖമൊരായിരം ഗാനമായ് വിരിയട്ടെ
ഇരവായ്, കരൾ നൊന്തുപാടി നീ! കാതോർത്തു നി
ന്നിള കോൾമയിർ കൊണ്ടൂ, വിരിഞ്ഞൂ പനീർപൂക്കൾ.
(പരഭൃതദുഃഖം - ഒ എൻ വി കുറുപ്പ്)

*നഷ്ടനീഡൻ = കൂടുനഷ്ടപ്പെട്ടവൻ, ഇരവ് = രാത്രി, ഇള = ഭൂമി*

23. കുയിലിന്റെ ഗാനത്തിൽ മുഴങ്ങുന്നത് ദുഃഖമാണെന്ന് കവി കരുതുന്നതെന്തുകൊണ്ടാവാം?
24. കുയിലിന്റെ ഗാനത്തിന്റെ വൈശിഷ്ട്യം കവി വ്യക്തമാക്കുന്നതെങ്ങിനെയാണ്?
25. കുയിലിനോടുള്ള കവിയുടെ ആശംസ എന്താണ്?

**താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിനു ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (8 സ്കോർ)** (8 x 1 = 8)

26. 'ഓർമ്മയുടെ ഞരമ്പി'ലെ വൃദ്ധ എഴുതി എന്നു പറയുന്ന മൂന്ന് കഥകളിലും ഒളിഞ്ഞും തെളിഞ്ഞും കാണുന്നത് അവരുടെ ജീവിതം തന്നെയാണ്' - ഈ നിരീക്ഷണം ശരിയാണോ? നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

27. "നമ്മുടെ കുട്ടികളോടും ലോകത്തിലെ എല്ലാ കുട്ടികളോടും നമുക്കു തോന്നുന്ന വാത്സല്യം എന്ന വികാരം ഈ ചിത്രത്തോടുള്ള നമ്മുടെ സ്നേഹത്തിൽ അന്തർലീനമായിരിക്കുന്നുണ്ട്."- പ്രസിദ്ധമായ ഒരു സിനിമയെക്കുറിച്ചുള്ള ഈ നിരീക്ഷണം സൈക്കിൾ മോഷ്ടാക്കൾ, കേൾക്കുന്നുണ്ടോ? എന്നീ സിനിമകളുടെ കാര്യത്തിലും പ്രസക്തമാണോ? വിലയിരുത്തി ഉപന്യാസം തയാറാക്കുക.

**അർദ്ധവാർഷിക പരീക്ഷ**

**പേപ്പർ രണ്ട് – മലയാളം**

## ഉത്തരസൂചിക

**സമയം : 21/2 മണിക്കൂർ** **സ്കോർ : 80**

| ചോദ്യ നമ്പർ | ഉത്തര സൂചിക | സ്കോർ |
|---|---|---|
| 1 | അവരുടെ പ്രണയം അത്രമേൽ മനോഹരമായിരുന്നു | 2 |
| 2 | 1. പരിസ്ഥിതി ലേഖനം<br>2. യാത്രാനുഭവങ്ങളുടെ ആഖ്യാനം | 2 |
| 3 | പ്രസക്തമായ രണ്ട് നിഗമനങ്ങൾക്ക്<br>1 സ്കോർ വീതം | 2 |
| 4 | ഉചിതമായ ദൃശ്യം സൂചന കണ്ടെത്തി എഴുതിയിട്ടുണ്ട് | 2 |
| 5 | നിസ്സാരമായവയുടെ ചെറുത്തുനിൽക്കാനുള്ള ശേഷി | 2 |
| 6 | ഇതുപോലൊരു രാവിൽ... | 2 |
| 7 | തുടുതുടുത്ത് വരുന്ന പുലരിയുടെ മനോഹാരിത | 2 |
| 8 | ഉചിതമായ രണ്ട് വാക്യങ്ങൾക്ക് | 2 |
| 9 | 1. കൃഷിഭൂമി കയ്യേറുന്നതിന്റെ പ്രശ്നം<br>2. ബാലവേല | 2 |
| 10 | ഉചിതമായ പ്രതികരണം രേഖപ്പെടുത്തിയിട്ടുണ്ട് | 2 |
| 11 | 1. ആഗ്രഹങ്ങളെ സഫലീകരിക്കുന്നു<br>2. പ്രേക്ഷകർ നായകനുമായി താദാത്മ്യം പ്രാപിക്കുന്നു | 2 |
| 12 | കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്<br>സ്ത്രീയവസ്ഥയുമായി ബന്ധപ്പെടുത്തിയിട്ടുണ്ട് | 2<br>2 |
| 13 | പ്രസ്താവനയുടെ പൊരുൾ തിരിച്ചറിഞ്ഞിട്ടുണ്ട്<br>സിനിമ അവതരിപ്പിച്ച പാരിസ്ഥിതിക സന്ദേശം തിരിച്ചറിഞ്ഞിട്ടുണ്ട് | 2<br>2 |
| 14 | പ്രസ്താവന തിരിച്ചറിഞ്ഞിട്ടുണ്ട്<br>വാക്യത്തെ ഉചിതമായി വ്യാഖ്യാനിച്ചിട്ടുണ്ട് | 2<br>2 |
| 15 | പട്ടിക ശരിയായി ക്രമീകരിച്ചിട്ടുണ്ട് | 4 |
| 16 | കാവ്യസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്<br>പ്രയോഗത്തിന്റെ ഔചിത്യം വിശദമാക്കിയിട്ടുണ്ട് | 2<br>2 |

| | | |
|---|---|---|
| 17 | കാവ്യസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്<br>പ്രണയസങ്കല്പത്തിന് വന്ന മാറ്റത്തെക്കുറിച്ച് ധാരണയുണ്ട്<br>സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് | 2<br>2<br>2 |
| 18 | രണ്ട് രചനകളുടെയും ആശയം മനസ്സിലാക്കിയിട്ടുണ്ട്<br>താരതമ്യപ്പെടുത്തി നിഗമനങ്ങൾ എഴുതിയിട്ടുണ്ട് | 3<br>3 |
| 19 | പ്രസ്താവനയുടെ ആശയം മനസ്സിലാക്കിയിട്ടുണ്ട്<br>താരതമ്യം ചെയ്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്<br>നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 2<br>2<br>2 |
| 20 | പ്രയോഗങ്ങളുടെ അർത്ഥം ഗ്രഹിച്ചിട്ടുണ്ട്<br>കാലഘട്ടവുമായി ബന്ധിപ്പിച്ച് വിശദീകരിച്ചിട്ടുണ്ട്<br>സ്വന്തം നിഗമനങ്ങൾ അവതരിപ്പിക്കുന്നതിന് | 1<br>3<br>2 |
| 21 | കാവ്യഭാഗങ്ങൾ താരതമ്യപ്പെടുത്തിയിട്ടുണ്ട്<br>പ്രസ്താവനയുടെ പൊരുൾ തിരിച്ചറിഞ്ഞിട്ടുണ്ട്<br>വിശകലനം ചെയ്ത് പ്രസക്തി കണ്ടെത്തിയിട്ടുണ്ട് | 2<br>2<br>2 |
| 22 | പ്രസ്താവനയുടെ പൊരുൾ തിരിച്ചറിഞ്ഞിട്ടുണ്ട്<br>കണ്ടെത്തലുകൾ യുക്തിപൂർവം സമർത്ഥിച്ചിട്ടുണ്ട് | 2<br>4 |
| 23 | ശരിയായ ഉത്തരം കണ്ടെത്തിയിട്ടുണ്ട് | 2 |
| 24 | ശരിയായ ഉത്തരം കണ്ടെത്തിയിട്ടുണ്ട് | 2 |
| 25 | ശരിയായ ഉത്തരം കണ്ടെത്തിയിട്ടുണ്ട് | 2 |
| 26 | പാഠഭാഗത്തിലെ വൃദ്ധയുടെ ജീവിതത്തെക്കുറിച്ച് ധാരണയുണ്ട്<br>അവർ പറയുന്ന കഥകളെപ്പറ്റി ധാരണയുണ്ട്<br>പ്രസ്താവനയുമായി ബന്ധിപ്പിച്ച് നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്<br>ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട് | 2<br>3<br>2<br>1 |
| 27 | പ്രസ്താവനയുടെ പൊരുൾ മനസ്സിലാക്കിയിട്ടുണ്ട്<br>സിനിമകളുമായി ബന്ധപ്പെടുത്തി മനസിലാക്കിയിട്ടുണ്ട്<br>ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട് | 2<br>4<br>2 |